8. ചിന്നാർ വന്യജീവി സംരക്ഷണ പദ്ധതി.
9. സൈലൻറ് വാലി വന്യജീവി സംരക്ഷണ പദ്ധതി.
10. പറമ്പിക്കുളം വന്യജീവി സംരക്ഷണ പദ്ധതി.
11. വയനാട് വന്യജീവി സംരക്ഷണ പദ്ധതി.
12. ആറളം വന്യജീവി സംരക്ഷണ പദ്ധതി.
13. ചിമ്മിണി വന്യജീവി സംരക്ഷണ പദ്ധതി.
14. പീച്ചി–വാഴാനി വന്യജീവി സംരക്ഷണ പദ്ധതി.

100% കേന്ദ്ര സഹായ പദ്ധതികൾ

1. പ്രോജക്ട് എലിഫൻറ് പദ്ധതി.
2. നീലഗിരി ബയോസ്ഫിയർ റിസർവ് പദ്ധതി.
3. പെരിയാർ ടൈഗർ റിസർവിൻെറ ഇക്കോ ഡവലപ്മെൻറ് പദ്ധതി.

(എഫ്) 1996-97 വർഷത്തേക്ക് ബഡ്ജറിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

	50% കേന്ദ്രാവിഷ്കൃത പദ്ധതികൾ		ലക്ഷം
1.	നെയ്യാർ വന്യ ജീവി സംരക്ഷണ പദ്ധതി		40.00
2.	പേപ്പാറ	,,	20.00
3.	ശെന്തരുണി	,,	20.00
4.	പെരിയാർ ടൈഗർ പദ്ധതി		80.00
5.	ഇടുക്കി വന്യജീവി സംരക്ഷണ പദ്ധതി		30.00
6.	തട്ടേക്കാട് പക്ഷി സങ്കേത പദ്ധതി		30.00
7.	ഇരവികുളം ദേശീയ ഉദ്യാന സംരക്ഷണ പദ്ധതി		40.00
8.	ചിന്നാർ വന്യജീവി സംരക്ഷണ പദ്ധതി		20.00
9.	സൈലൻറ് വാലി	,,	50.00
10.	പറമ്പിക്കുളം	,,	60.00
11.	വയനാട്	,,	60.00
12.	ആറളം	,,	20.00
13.	ചിമ്മിണി	,,	20.00
14.	പീച്ചി–വാഴാനി	,,	30.00

100% കേന്ദ്രാവിഷ്കൃത സഹായ പദ്ധതികൾ :

1.	പ്രോജക്ട് എലിഫൻറ് പദ്ധതി	100.00
2.	നീലഗിരി ബയോസ്ഫിയർ റിസർവ് പദ്ധതി	50.00
3.	പെരിയാർ ടൈഗർ റിസർവിലെ ഇക്കോ ഡവലപ്മെൻറ് പദ്ധതി	50.00

രാജ്യാന്തര പരിസ്ഥിതി വികസന പദ്ധതി

31. [1517] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യാന്തര പരിസ്ഥിതി വികസന പദ്ധതി പ്രകാരം തേക്കടി ഉൾപ്പെടെയുള്ള വനപ്രദേശങ്ങൾ വികസിപ്പിക്കുവാൻ പരിപാടി ഉണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയുടെ കാലാവധി എത്രയാണ് ;

(ഡി) ഇതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര കോടി രൂപയാണ് ;

(ഇ) ഈ പദ്ധതി എന്നുമുതൽ നടപ്പാക്കി തുടങ്ങും ?

ഉത്തരം

(എ) ലോകപരിസ്ഥിതി നിധിയുടെയും (ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി) ലോകബാങ്കിന്റെയും ധനസഹായത്തോടുകൂടി തേക്കടി കടുവ സങ്കേതത്തിലും പരിസര പ്രദേശങ്ങളിലും ഇക്കോ ഡവലപ്മെന്റ് പദ്ധതി നടപ്പിലാക്കുവാൻ പരിപാടിയുണ്ട്.

(ബി) കടുവാ സങ്കേതത്തിൽ വന്യജീവികളുടെ ആവാസ വ്യവസ്ഥ പരിരക്ഷിക്കുന്നതിനും സമ്പുഷ്ടമാക്കുന്നതിനും കർമ്മപരിപാടികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ കടുവ സങ്കേതത്തിനകത്തും അതിർത്തിപ്രദേശത്തും താമസിക്കുന്ന ജനങ്ങളുടെ വരുമാനവും, ജീവിതനിലവാരവും, തൊഴിൽസാദ്ധ്യതകളും വർദ്ധിപ്പിക്കുന്നതിനുവേണ്ട കർമ്മപരിപാടികളും ഈ പദ്ധതിയിൽ ഉണ്ട്. ഇപ്രകാരം വനാന്തരങ്ങളിലും സമീപ പ്രദേശത്തും താമസിക്കുന്ന ജനങ്ങൾ ധനാഗമമാർഗ്ഗങ്ങൾക്കുവേണ്ടി വനത്തെ ആശ്രയിക്കുന്നത് കുറയ്ക്കുവാനും അവരുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും വനസംരക്ഷണം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിനും വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) അഞ്ചുവർഷം.

(ഡി) പെരിയാർ ടൈഗർ റിസർവിൽ ഈ പദ്ധതിക്ക് മൊത്തം വേണ്ടി വരുന്ന 29.9 കോടി രൂപയിൽ 9.57 കോടി രൂപ ജി.ഇ.എഫ്. ഗ്രാന്റ് പ്രകാരവും 13.45 കോടി രൂപ ലോകബാങ്കിൽ നിന്നും പലിശ കുറഞ്ഞ വായ്പയായും 3.44 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് ലഭിക്കുമെന്ന് പദ്ധതിയിൽ വ്യവസ്ഥയുണ്ട്. 3.44 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമാണ്.

(ഇ) 1996 ഒക്ടോബർ മാസം മുതൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

വനസംരക്ഷണത്തിന് പദ്ധതി

32. [1518] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട വികസന പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് വനങ്ങളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) വനങ്ങളിലെ ഇക്കോസിസ്റ്റത്തിലൂടെ വനസംരക്ഷണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly